LIBRARY ARCHIVES Kerala Legislative Assembly

സുസ്ഥിര കേരളം പദ്ധതി

323 (334) ശ്രീ. എം. എ. വാഹീദ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സുസ്ഥിര കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

1. പാരിസ്ഥിതിക വിഷയങ്ങളിൽ വിവര വിജ്ഞാനം വിപുലപ്പെടുത്താനായി സംസ്ഥാനത്തിന്റെ പരിസ്ഥിതി സംബന്ധിക്കുന്ന ഒരു വിജ്ഞാന വേദി, വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി രൂപപ്പെടുത്തുക.

2. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സ്ഥിതി, ജൈവവൈവിധ്യം മുതലായവ രേഖപ്പെടുത്തുന്നതിനായി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, മറ്റു സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവരുടെ സഹായത്തോടെ ഒരു 'സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട്' പ്രസിദ്ധീകരിക്കുക.

(സി) 'സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് കേരള 2015' പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു.